# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## ധനം ക്രമേണ അഴിമതിയിലേക്കു നയിക്കും പാപ്പാ



ചില്ലിക്കാശിന് സ്വന്തം ആത്മാവിനെ, ജീവനെ വില്ക്കുന്ന നിരവധിപ്പേരുണ്ടെന്ന് പാപ്പാ. വത്തിക്കാനിൽ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ജെന്താർമെറിയ എന്നറിയപ്പെടുന്ന സേനാവിഭാഗത്തിനുവേണ്ടി ശനിയാഴ്ച (03/10/15) രാവിലെ വത്തിക്കാന്റെ സുവിശേഷസന്ദേശമേകുകയായിരുന്നു ഫ്രാൻസിസ് പാപ്പാ.

ചരിത്രത്തിലുടനീളം നന്മതിന്മകൾ തമ്മിലുള്ള പോരാട്ടം നടക്കുന്നതിനെക്കുറിച്ച് വിശുദ്ധഗ്രന്ഥ വചനങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിച്ച പാപ്പാ, മാനവഹൃദയത്തിൽ നന്മതിന്മകൾ തമ്മിലുള്ള പോരാട്ടം നടക്കുമ്പോൾ നമ്മൾ ഇവയിൽ എന്തു തിരഞ്ഞെടുക്കണമെന്നു നിശ്ചയിക്കേണ്ടിയിരിക്കുന്നുവെന്നും സാത്താൻ പ്രലോഭനത്തിന്റെ രീതി അവലംബിക്കുകയും കെണികൾ ഒരുക്കുകയും ചെയ്യുന്നുവെന്നും ആ കെണികളിലൊന്നാണ് സമ്പത്തെന്നും പാപ്പാ ഓർമ്മിപ്പിച്ചു.

സാത്താൻ യേശുവിനെ സമ്പത്തും പ്രൗഢിയും അധികാരവും കാണിച്ചു പ്രലോഭിപ്പിക്കുന്ന സുവിശേഷസംഭവത്തെക്കുറിച്ചു സൂചിപ്പിച്ചുകൊണ്ട് പാപ്പാ പണം സാവധാനം അഴിമതിയിലേക്കു നയിക്കുമെന്നും അത് എവിടെയും ദൃശ്യമാണെന്നും പൊങ്ങച്ചവും ലോകത്തിന്റെ അധികാരവുമൊക്കെ സാത്താന്റെ പ്രലോഭനരീതികളാണെന്നും വിശദീകരിച്ചു.
പൊങ്ങച്ചം ഒരുവനെ അവസാനം പരിഹാസ്യനാക്കിത്തീർക്കുമെന്നും അധികാരം കൈയ്യിലായിക്കഴിഞ്ഞാൽ താൻ ദൈവമാണെന്ന തോന്നൽ ഒരുവനുണ്ടാകുന്നത് മഹാപാപമാണെന്നും പാപ്പാ പറഞ്ഞു.

നന്മയിൽ വളരുന്നതിനായി മറ്റുള്ളവരെയും സമൂഹത്തെയും സേവിക്കുന്നതിനുവേണ്ടിയാണ് നാം പോരാടേണ്ടതെന്നും പാപ്പാ ഓർമ്മിപ്പിച്ചു.